# എൻ.സി.സി. ക്യാമ്പ് തുടങ്ങി



▶ എടത്തല അൽ അമീൻ കോളേജിൽ ആരംഭിച്ച എൻ.സി.സി. വാർഷിക പരിശീലന ക്യാമ്പ് ഹൈക്കോടതി ജസ്റ്റിസ് സിയാദ് റഹ്മാൻ ഉദ്ഘാടനം ചെയ്യുന്നു

**ആലുവ** ▶ എടത്തല അൽ അമീൻ കോളേജിൽ എൻ.സി.സി. വാർഷിക പരിശീലന ക്യാമ്പ് ആരംഭിച്ചു. ഏലൂർ 22 കേരള എൻസിസി ബറ്റാലിയന്റെ നേതൃത്വത്തിൽ എട്ടുദിവസമാണ് സംയുക്ത വാർഷിക പരിശീലന ക്യാമ്പ്. 600 പേരാണ് പങ്കെടുക്കുന്നത്.

കേരള ഹൈക്കോടതി ജസ്റ്റിസ് സിയാദ് റഹ്മാൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. കേണൽ എ. രാജീവൻ അധ്യക്ഷനായി. എം.ജി. യൂണിവേഴ്സിറ്റി പരീക്ഷാ കൺട്രോളർ ഡോ. സി.എം. ശ്രീജിത്ത്, അൽ അമീൻ കോളേജ് മാനേജർ ഡോ. ജുനൈദ് റഹ്മാൻ, ആലുവ യു.സി. കോളേജ് പ്രിൻസിപ്പൽ ഡോ. എം.ഐ. പുന്നൂസ്, മേജർ കെ.എസ്. നാരായണൻ, ഡോ. സിനി കുര്യൻ, ലെഫ്റ്റനന്റ് ഡോ. ഡിനോ വർഗീസ് എന്നിവർ സംസാരിച്ചു. ക്യാമ്പിന്റെ ഭാഗമായി പരേഡ്, ഫയറിങ്, മാപ്പ് റീഡിങ് തുടങ്ങിയവയും ബോധവത്കരണ ക്ലാസുകൾ, രക്തദാനം എന്നിവയും ഉണ്ടാകും.

മാതൃഭൂമി 06/9/2022